പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 190 23.03.2012-ൽ മറുപടിയ്ക്ക്

## വൈദ്യുതി ഉപയോഗത്തിൽ നിയന്ത്രണം.

ചോദ്യം

ഡോ. കെ. ടി. ജലീൽ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) വൈദ്യുതി നിയന്ത്രണത്തിൻെറ ഭാഗമായി ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി ഉപയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി റഗുലേറ്ററി കമ്മീഷന് ഇത്തരത്തിൽ എന്തെങ്കിലും നിർദ്ദേശം വൈദ്യുതി ബോർഡ് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അതിൻെറ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പുറത്തുനിന്നും വാങ്ങുന്ന താപവൈദ്യുതിയുടെ അധികവില മുഴുവനായും ഉപഭോക്താക്കളിൽ നിന്നും ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എ) (ബി) & (സി) 2012-13 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ വൈദ്യുതി വിതരണത്തിന് ആവശ്യം വരുമെന്നു കണക്കാക്കിയിട്ടുള്ള 20226 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ സ്ഥാനത്ത് 18148 ദശലക്ഷം യൂണിറ്റ് വൈദ്യുതി മാത്രമേ കേരളത്തിലെ ജലവൈദ്യുത പദ്ധതികളിൽ നിന്നും, കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നും, ട്രേഡർമാരിൽ നിന്നുമായി ലഭ്യമാക്കാൻ സാദ്ധ്യതയുള്ളു എന്നാണ് കണക്കായിട്ടുള്ളത്. ഈ കമ്മി നികത്തുന്നതിനായി കേരളത്തിലെ താപ നിലയങ്ങളായ എൻ.റ്റി.പി.സി കായംകുളം, ബി.കെ.പി.എൽ, കൊച്ചി, കെ.പി.സി.എൽ, കാസർഗോഡ്, കെ. ഡി.പി.പി, കോഴിക്കോട്, ബിഡി.പി.പി, കൊച്ചി എന്നിവയിൽ നിന്ന് വളരെ കൂടിയ നിരക്കിലുള്ള വൈദ്യുതി ഉപയോഗിക്കേണ്ടതായി വരും. അതുകൊണ്ട് പ്രതിമാസം 300 യൂണിറ്റിന് മുകളിൽ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളിൽ നിന്ന്, 300 യൂണിറ്റിൽ അധികമായി ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക്, കേരളത്തിലെ താപ നിലയങ്ങളിൽ നിന്ന് വൈദ്യുതി വാങ്ങുന്ന നിരക്കിൽ, വില ഈടാക്കണമെന്ന ഒരു ശുപാർശ റെഗുലേറ്ററി കമ്മീഷന് മുമ്പാകെ വൈദ്യുതി ബോർഡ് സമർപ്പിച്ച അഗ്രിഗേറ്റ് റിക്വയർമെൻറ് ഓഫ് റവന്യൂ എന്ന അപേക്ഷയിൽ

ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ ശുപാർശ യിന്മേൽ റെഗുലേറ്ററി കമ്മീഷൻ തീരുമാനമെടുത്തിട്ടില്ല. ഇപ്രകാരമുള്ള നിയന്ത്രണം 2008-2009 വർഷത്തിലും ഏർപ്പെടുത്തിയിരുന്നു. വൈദ്യുത ഉപഭോഗം നിയന്ത്രിച്ച് ഏത് ഉപഭോക്താവിനും ഈ നിയന്ത്രണത്തിൽ നിന്ന് ഒഴിവാകാനാകും.

(ഡി) ഈ അധിക ബാധ്യതയിൽ നിന്നും ഏതെങ്കിലും വിഭാഗത്തിലുള്ള ഉപഭോക്താക്കളെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

(ഡി) പ്രതിമാസം 300 യൂണിറ്റ് വരെ ഉപയോഗിക്കുന്ന എല്ലാ ഗാർഹിക ഉപഭോക്താക്കളെയും ഈ നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കാർഷിക ആവശ്യത്തിനുള്ള കണക്ഷനുകൾ അനാഥാലയങ്ങൾ, തെരുവു വിളക്കുകൾ എന്നിവയെ നിയന്ത്രണത്തിൽ നിന്നൊഴിവാക്കാമെന്നാണ് ബോർഡ് നിർദ്ദേശിച്ചിട്ടുള്ളത്. ആകെയുള്ള 85 ലക്ഷത്തോളം വരുന്ന ഗാർഹിക ഉപഭോക്താക്കളിൽ ഉദ്ദേശം 1,20,000 (ഒരു ലക്ഷത്തി ഇരുപതിനായിരം) ഗാർഹിക ഉപഭോക്താക്കൾ മാത്രമേ ടി നിയന്ത്രണത്തിന്റെ പരിധിയിൽ വരികയുള്ളൂ എന്നാണ് കണക്കാക്കിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ.